നാല് മെത്രാന്മാർ അഭിഷിക്തരായി

തിരുവനന്തപുരം: സന്യാസ ശ്രേഷ്ഠരുടെ ശുശ്രൂഷകളും അജഗണങ്ങളുടെ പ്രാർത്ഥനയും ധന്യമാക്കിയ ചടങ്ങിൽ മലങ്കര കത്തോലിക്കാ സഭയിലെ നാല് വൈദികർ മെത്രാൻമാരായി അഭിഷിക്തരായി. നാലാഞ്ചിറ മാർ ഇവാനിയോസ് വിദ്യാനഗറിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കാ ബാവ മുഖ്യകാർമ്മികത്വം വഹിച്ച ചടങ്ങിൽ നിയുക്ത മെത്രാന്മാർ സ്ഥാനവസ്ത്രങ്ങളണിയുകയും അംശവടി സ്വീകരിക്കുകയും ചെയ്തു. പന്തലിലും പുറത്തുമായി തിങ്ങിനിറഞ്ഞ കേരളത്തിനകത്തും പുറത്തുനിന്നുമുള്ള വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനകൾക്കും സഭയിലെ ബിഷപ്പുമാരുടെ കുർബാനകൾക്കും മദ്ധ്യേയാണ് സ്ഥാനാരോഹണം നടന്നത്. റമ്പാൻമാരായ വിൻസെന്റ് കുളപ്പുറവിളൈ, സാമുവൽ കാട്ടുകല്ലിൽ, സ്റ്റീഫൻ തോട്ടത്തിൽ, ആന്റണി വലിയവിളയിൽ എന്നിവരാണ് മെത്രാൻമാരായി സ്ഥാനാരോഹണം ചെയ്തത്. വിൻസെന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറിനോസ്, ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്, തോമസ് മാർ അന്തോണിയോസ് എന്നിങ്ങനെയാണ് ഇവരുടെ സ്ഥാനപ്പേരുകൾ. തിരുവനന്തപുരം മേജർ അതിരൂപത സഹായമെത്രാനായി സാമുവൽ മാർ ഐറിനോസും മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായുടെ മെത്രാനായി തോമസ് മാർ അന്തോണിയോസും മാർത്താണ്ഡം ഭദ്രാസനം മെത്രാനായി വിൻസെന്റ് മാർ പൗലോസും തിരുവല്ല അതിരൂപത സഹായമെത്രാനായി ഫിലിപ്പോസ് മാർ സ്റ്റെഫാനോസും ചുമതലയേറ്റു.

ഗ്രീക്ക് മെൽക്കൈറ്റ് കാതോലിക്കാ പാത്രിയർക്കീസ് ഗ്രിഗോറിയോസ് തൃതീയൻ ലഹാംബാവ മുഖ്യാതിഥിയായി സംബന്ധിച്ച ചടങ്ങ് രാവിലെ എട്ടിന് ആരംഭിച്ചു. ചടങ്ങുകൾക്കെത്തിയ മുഖ്യകാർമ്മികൻ മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കാ ബാവയെയും മറ്റ് ബിഷപ്പുമാരെയും പ്രധാന കവാടത്തിൽ കത്തിച്ച മെഴുകുതിരി നൽകി സ്വീകരിച്ചു. യാമ പ്രാർത്ഥനയ്ക്കുശേഷം മെത്രാപ്പൊലീത്തമാർ വേദിയിൽ പ്രവേശിച്ച് കുർബാനയ്ക്കുള്ള ഒരുക്ക ശുശ്രൂഷ ആരംഭിച്ചു. സ്ഥാന വസ്ത്രങ്ങളണിഞ്ഞ് അംശവടി സ്വീകരിച്ച് നവമെത്രാൻമാരെ സിംഹാസനത്തിലിരുത്തി ഉയർത്തിയപ്പോൾ പന്തലിൽ തിങ്ങിനിറഞ്ഞ വിശ്വാസികൾ 'ഇവൻ യോഗ്യൻ' എന്നർത്ഥമുള്ള ഓക്സിയോസ് ചൊല്ലി. സിംഹാസനങ്ങളിലിരുന്ന് മെത്രാൻമാർ സുവിശേഷം വായിച്ചു. മുഖ്യകാർമ്മികരുടെയും മെത്രാൻമാരുടെയും സ്നേഹ ചുംബനങ്ങൾ ഏറ്റുവാങ്ങി വേദിക്കു പുറത്തിറങ്ങിയ നവാഭിഷിക്തരുടെ അനുഗ്രഹം ഏറ്റുവാങ്ങാൻ വിശ്വാസികൾ തിക്കിത്തിരക്കി.

ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ. എം. സൂസപാക്യം അനുഗ്രഹ പ്രഭാഷണം നടത്തി. പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, വിവിധ രാജ്യങ്ങളിൽ നിന്നുള്ള ബിഷപ്പുമാർ തുടങ്ങിയവരും ചടങ്ങിനെത്തിയിരുന്നു

ജൂവലറിയിലെ സ്വർണക്കവർച്ച: പ്രതി മുങ്ങിയത് കാമുകിക്കൊപ്പം

കായംകുളം : നഗരത്തിലെ അറേബ്യൻ ജൂവലറിയിൽ നിന്ന് 15ലക്ഷം രൂപയുടെ സ്വർണാഭരണങ്ങൾ മോഷ്ടിച്ച പ്രതി മുങ്ങിയത് കാമുകിക്കൊപ്പം.

ഓച്ചിറ ചങ്ങൻകുളങ്ങര മുട്ടത്തുകാട്ടിൽ സുനിലിനെ (27) കണ്ടെത്താൻ കായംകുളം സി. ഐയുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചു.

അന്വേഷണം തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിച്ചു. ക്ളാപ്പന സ്വദേശിയായ യുവതിക്കൊപ്പമാണ് പ്രതി മുങ്ങിയതെന്ന് പൊലീസ് കരുതുന്നു. ജൂവലറിയിലെ അലമാരയിൽ വച്ചിരുന്ന 15 ലക്ഷം രൂപയുടെ 918 ഗ്രാം സ്വർണാഭരണങ്ങളാണ് കാണാതായത്.

13 നെക്ലെസുകളാണ് അപഹരിക്കപ്പെട്ടതെന്നും പകരം ഇതേ ഡിസൈനിലും തൂക്കത്തിലുമുള്ള മുക്കുപണ്ടങ്ങൾ അതേ സ്ഥാനത്ത് വച്ചാണ് തട്ടിപ്പ് നടത്തിയതെന്നും ജൂവലറി ഉടമ റിട്ട. ഡിവൈ. എസ്. പിയായ അബ്ദുൾ റഹ്മാൻ കായംകുളം പൊലീസിന് നൽകിയ പരാതിയിൽ പറയുന്നു.

പ്രതിയെ അന്വേഷിച്ച് പൊലീസ് സംഘം ഇന്നലെ ഇയാളുടെ വീട്ടിലെത്തി മാതാപിതാക്കളെയും ബന്ധുക്കളെയും ചോദ്യം ചെയ്തു.

കൂലി നൽകി വാർത്ത തിരഞ്ഞെടുപ്പ് കൃത്രിമം: കാരാട്ട്

ന്യൂഡൽഹി : തിരഞ്ഞെടുപ്പുകാലത്ത് പണം നൽകി മാദ്ധ്യമങ്ങളിൽ വാർത്തകൾ നൽകുന്നത് തിരഞ്ഞെടുപ്പ് ക്രമക്കേടായി പ്രഖ്യാപിക്കണമെന്നും അതിനായി ജനപ്രാതിനിദ്ധ്യ നിയമം ഭേദഗതി ചെയ്യണമെന്നും സി.പി.എം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് ആവശ്യപ്പെട്ടു. ലോക്സഭയിലെ പ്രതിപക്ഷ നേതാവ് സുഷമാ സ്വരാജ് കാരാട്ടിന്റെ അഭിപ്രായത്തെ പിന്തുണയ്ക്കുകയും ചെയ്തു.

പണംകൊടുത്ത് വാർത്ത പ്രസിദ്ധീകരിക്കുന്ന പ്രവണതയെപ്പറ്റി 'പെയ്ഡ് ന്യൂസ് സിൻഡ്രോം' ഇവിടെ നടന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു ഇരുവരും. ഇങ്ങനെ വാർത്ത നൽകുന്നതിന് കൈമാറിയ പണത്തിന് രേഖകളില്ലാത്തതാണ് ഈ പ്രവണത തടയാനുള്ള പ്രധാന തടസ്സമെന്നും പണം നൽകുന്നവരെയും കുറ്റക്കാരാക്കണമെന്നും കാരാട്ട് പറഞ്ഞു. ഇതിന് പരിഹാരം കാണാൻ ജനപ്രാതിനിദ്ധ്യ നിയമം ഭേദഗതി ചെയ്യാനുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിക്കണമെന്ന് സുഷമാ സ്വരാജ് ആവശ്യപ്പെട്ടു. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് മദ്ധ്യപ്രദേശിലെ വിദിശ ലോക്സഭാ മണ്ഡലത്തിൽ പ്രചാരണം നടത്തുമ്പോൾ ഒരു ചാനൽ സമീപിച്ചതായും ഒരുകോടി രൂപ നൽകിയാൽ പ്രചാരണത്തെപ്പറ്റി പ്രത്യേക വാർത്ത നൽകാമെന്ന് വാഗ്ദാനം ചെയ്തതായും സുഷമാ സ്വരാജ് പറഞ്ഞു.

പണം വാങ്ങി വാർത്ത നൽകുന്ന പ്രവണത ചില മാദ്ധ്യമങ്ങൾ തുടങ്ങിയിട്ട് ഏറെക്കാലമായെന്നും തിരഞ്ഞെടുപ്പ് കമ്മിഷൻ ആവശ്യപ്പെടുന്നപക്ഷം ലഭ്യമായ തെളിവുകൾ സമർപ്പിക്കാൻ തയ്യാറാണെന്നും സുഷമ പറഞ്ഞു.

ഈ സംഭവത്തെക്കുറിച്ച് പാർട്ടി ചർച്ച ചെയ്യുമെന്നും ഇതിന്റെ ഗൗരവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും കോൺഗ്രസ് വക്താവ് മനീഷ് തിവാരി പറഞ്ഞു.

സ്വാത് താഴ്‌വരയിൽ ചാവേർ സ്ഫോടനം: 10 മരണം

ഇസ്ലാമബാദ് : വടക്കുപടിഞ്ഞാറൻ പാകിസ്ഥാനിലെ സ്വാത് താഴ്‌വരയിൽ കോടതി സമുച്ചയത്തിന് സമീപം നടന്ന ചാവേർ സ്ഫോടനത്തിൽ നാലു പൊലീസുകാർ ഉൾപ്പെടെ പത്തുപേർ കൊല്ലപ്പെട്ടു. 15 പേർക്ക് പരിക്കേറ്റു.

ലാഹോറിൽ വെള്ളിയാഴ്ച 57 പേരുടെ മരണത്തിനിടയാക്കിയ ചാവേർ സ്ഫോടനങ്ങളുടെ തുടർച്ചാണിത്. സ്വാത് ജില്ലയിലെ പ്രധാന പട്ടണമായ മിംഗോരയിലെ കനത്ത രക്ഷാസന്നാഹങ്ങളുള്ള കോടതി സമുച്ചയത്തിലേക്ക് ചാവേർ ഭീകരൻ റിക്ഷയിലാണ് വന്നത്.

റിക്ഷയിൽ നിന്നിറങ്ങി കോടതി സമുച്ചയത്തിലേറെ നടന്ന ഭീകരനെ സുരക്ഷാസേന തടഞ്ഞപ്പോൾ അയാൾ സ്വയം പൊട്ടിത്തെറിക്കുകയായിരുന്നു.

പതിനഞ്ചു കിലോ സ്ഫോടക വസ്തുക്കളാണ് ഇയാൾ ചാവേർ ജായ്ക്കറ്റിൽ കരുതിയിരുന്നത്. സ്ഫോടനം പരിഭ്രാന്തി പരത്തിയതിനെത്തുടർന്ന് മിംഗോര പട്ടണത്തിൽ കടകളും മറ്റ് സ്ഥാപനങ്ങളും ഇന്നലെ അടച്ചിട്ടുണ്ട്.

കൊച്ചിക്ക് ഉറങ്ങാൻ 2700 പൊലീസുകാരുടെ കാവൽ!

കൊച്ചി: ഭീകരാക്രമണ ഭീഷണി നില നിൽക്കുന്ന കൊച്ചി നഗരം ഇന്നലെ ഉറങ്ങിയത് 2700 പൊലീസുകാരുടെ കാവലിൽ. മുംബയ് സ്ഫോടനത്തിനു ശേഷം ലഷ്കർ ഭീകരരുടെ അടുത്ത ആക്രമണ ലക്ഷ്യം കൊച്ചി എന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് മുന്നറിയിപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ യുദ്ധകാലത്തെ അനുസ്മരിപ്പിക്കുന്ന സുരക്ഷാ സംവിധാനങ്ങളാണ് നഗരത്തിൽ ഏർപ്പെടുത്തിയിട്ടുള്ളത്.

കടൽ മാർഗമുള്ള ആക്രമണ ഭീതി നില നിൽക്കുന്നതിനാൽ മറൈൻ പൊലീസ്, കസ്റ്റംസ് എന്നിവരുടെ സ്പീഡ് ബോട്ടുകൾ അഴിമുഖം മുതൽ കൊച്ചി കായലിൽ ഉടനീളം പട്രോളിംഗ് നടത്തിയിരുന്നു. നേവിയും കോസ്റ്റ്ഗാർഡും കടലിലെ തിരച്ചിൽ ജോലികൾ ഏറ്റെടുത്തു. റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ള ബുധനാഴ്ച വരെ പിഴവില്ലാത്ത കാവൽ കടലിൽ ഉറപ്പാക്കാനാണ് തീരുമാനം. മത്സ്യതൊഴിലാളികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ സേവനവും കടൽ, കായൽ മേഖലയിലെ സുരക്ഷയ്ക്കായി സെക്യൂരിറ്റി ഏജൻസികൾ തേടിയിട്ടുണ്ട്. നഗരത്തിലെ രണ്ട് റെയിൽവേ സ്റ്റേഷനുകളിലും അതീവ സുരക്ഷാ സന്നാഹങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ജില്ലാ അതിർത്തികളിൽ നഗരത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ വാഹനങ്ങളും പൊലീസ് പരിശോധിക്കുന്നുണ്ട്. ആശുപത്രികൾ, മറൈൻ വാക് വേ, ബ്രോഡ്‌വേ തുടങ്ങിയ സ്ഥലങ്ങളിലെല്ലാം മഫ്തി പൊലീസിനെ വ്യാപകമായി വിന്യസിച്ചിട്ടുണ്ട്. കൈലിയും മറ്റുമായി സാധാരണ വേഷത്തിൽ പോലും പൊലീസിനെ വിന്യസിച്ചിട്ടുണ്ടെന്നും പൊലീസ് സേനാംഗങ്ങൾക്കെല്ലാം ആയുധങ്ങൾ നൽകിയിട്ടുണ്ടെന്നും അസി. പൊലീസ് കമ്മീഷണർമാരായ പി. എം. വർഗീസും സുനിൽജേക്കബും പറഞ്ഞു.

നഗരത്തിലെ എല്ലാ പൊലീസ് ഓഫീസർമാരും നേരിട്ട് പട്രോളിംഗിന്റെ ചുമതലയിലാണ്. സിറ്റി പൊലീസിന്റെ എല്ലാ വാഹനങ്ങളും പട്രോളിംഗിന് ഇറങ്ങിയതുമൂലം നഗരത്തിലെ ഏതു ഭാഗത്തും ഏതു സമയത്തും പൊലീസിന്റെ സാന്നിദ്ധ്യം ഇന്നലെ രാത്രിയുണ്ടായിരുന്നു. ഇത് അടുത്ത ദിവസങ്ങളിലും തുടരും. രാത്രി വൈകിയോടുന്ന എല്ലാ വാഹനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കും. നഗരത്തിൽ സുരക്ഷാ ഭീഷണി നേരിടുന്ന സ്ഥാപനങ്ങളുടെ മേധാവിമാരെ വളിച്ച് ചേർത്ത് സിറ്റി പൊലീസ് കമ്മിഷണർ ഇന്നലെ വൈകിട്ട് പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിരുന്നു. സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളും സ്വന്തം നിലയ്ക്ക് കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് പൊലീസ് നൽകിയിട്ടുള്ള നിർദ്ദേശം.

വിലകൊടുത്ത് വാങ്ങിയ വേനൽച്ചൂട്

കേരളത്തിലെ അത്യുഷ്ണം പ്രാദേശിക പ്രതിഭാസമെന്ന് വിദഗ്ദ്ധർ

തിരുവനന്തപുരം: കേരളം വേനലിന്റെ തീച്ചൂളയിലാണ്. കൊല്ലുന്ന ഈ ചൂട് ആഗോളതാപനത്തിന്റെ ഭാഗമാണെന്നു പറഞ്ഞ് മലയാളി കൈകഴുകാൻ നോക്കേണ്ടെന്നാണ് കാലാവസ്ഥാ വിദഗ്ദ്ധരുടെയും പരിസ്ഥിതി ശാസ്ത്രജ്ഞരുടെയും വിലയിരുത്തൽ.

വീണ്ടുവിചാരമില്ലാത്ത പ്രകൃതിചൂഷണത്തിലൂടെ നമ്മൾ വലിയ വില കൊടുത്തു വാങ്ങിയതാണ് ഈ കൊടുംചൂടെന്നും അവർ പറയുന്നു. മലയാളിയുടെ മാറിയ മനോഭാവത്തിന്റെയും ജീവിതശൈലിയുടെയും അനന്തരഫലമായുണ്ടായ പ്രാദേശിക പ്രതിഭാസമാണ് ഇപ്പോഴത്തെ അത്യുഷ്ണമെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുൻ ഡയറക്ടർ കെ.ടി ജോസഫ് പറയുന്നത്.

ഓലമേഞ്ഞ വീടുകളായിരുന്നു മുമ്പ്. അവ സൂര്യതാപം പിടിച്ചെടുക്കുമെങ്കിലും വികിരണം ചെയ്യുമായിരുന്നില്ല. അതുകൊണ്ട് രാത്രിയിൽ ഉറക്കം സുഖം. കോൺക്രീറ്റ് കെട്ടിടങ്ങൾ വ്യാപകമായതോടെ ചൂട് നമുക്കൊപ്പം താമസം തുടങ്ങി. പകൽസമയത്ത് ചൂട് ആഗിരണം ചെയ്യുന്ന കോൺക്രീറ്റ് രാത്രിയിൽ അത് വികിരണം ചെയ്യും. ഫലം: വീട് ചൂടിന്റെ തടവറയായി. ഉറക്കം ദുസ്സഹമായി.

വീട് കോൺക്രീറ്റായപ്പോഴും നമുക്ക് പുരയിടത്തിൽ നിറയെ മരമുണ്ടായിരുന്നു. തണലും തണുപ്പുമുണ്ടായിരുന്നു. മുറ്റത്ത് കരിയില വീഴുമെന്ന കുറ്റം ചാർത്തി നമ്മൾ മരം വെട്ടി. മുറ്റം വെടിപ്പാക്കാൻ കോൺക്രീറ്റിട്ടു. അതോടെ മുറ്റത്തുനിന്നുള്ള ചൂടുകൂടി വീടിനകത്തേക്ക് പ്രസരിക്കാൻ തുടങ്ങി. മഴവെള്ളം മണ്ണിൽ താഴാതെയായി. വികസനത്തിന്റെ പേരിൽ കോൺക്രീറ്റ് കെട്ടിടങ്ങൾ പണിതുയർത്തുകയും, മരങ്ങൾ വ്യാപകമായി വെട്ടിവീഴ്ത്തുകയും ചെയ്തത് കേരളത്തിന്റെ കാലാവസ്ഥാ പ്രകൃതത്തെ മാറ്റിമറിച്ചെന്ന് കേരള സർവകലാശാലാ പരിസ്ഥിതി ശാസ്ത്ര വിഭാഗം മേധാവി ഡോ. വി. ആർ. പ്രകാശം പറയുന്നു.

മണലെടുത്ത് പുഴകളെല്ലാം മരണശയ്യയിലായി. മഴക്കാലത്ത് പ്രളയം. വേനലിൽ പുഴകൾ വെറും മണൽപ്പറമ്പ്. മുമ്പ്, വേനലിനിടയ്ക്ക് ആശ്വാസമായി ചില ചെറുമഴകൾ പെയ്യുമായിരുന്നു. ഇപ്പോൾ അതുമില്ല.

വടക്കുപടിഞ്ഞാറൻ കാറ്റ് മറഞ്ഞുകളിക്കുന്നതുകൊണ്ടാണ് വേനൽമഴ പെയ്യാത്തതെന്ന് കാലാവസ്ഥാ വിദഗ്ദ്ധർ പറയുന്നു. പാലക്കാട്ടേത് സൂര്യാഘാതമല്ലെന്നും, സൂര്യതാപമാണെന്നും പറയുന്ന വിദഗ്ദ്ധർ മറ്റൊന്നുകൂടി പറയുന്നുണ്ട്: അടുത്ത ദിവസങ്ങളിൽ ചൂട് ഇനിയും കൂടും! പുറത്തിറങ്ങിയാൽ പുറം പൊള്ളും. ദോഷപരിഹാരം ഇത്രയേയുള്ളൂ: പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കുക!

കുളങ്ങൾ എവിടെ?

വേനൽ മൂത്താലും വറ്റാത്ത കുളങ്ങളും തണ്ണീർത്തടങ്ങളുമുണ്ടായിരുന്ന നാട്ടിൽ കിണറുകൾപോലുമില്ലാതായി. എല്ലായിടത്തും പൈപ്പ് വെള്ളമേ ശരണം! അത് മുടങ്ങിയാൽ സർക്കാർ വക ലോറിവെള്ളം വരണം. നികത്താതെ ബാക്കികിടന്ന കുളങ്ങൾ ചെളിക്കുണ്ടായി. മഴ വല്ലപ്പോഴുമായി.

കാട് വെട്ടിയാൽ മഴ പോകുമെന്ന് പറഞ്ഞതിന് പരിസ്ഥിതിപ്രേമികളെ പരിഹസിച്ചവർക്ക് ഇപ്പോൾ മിണ്ടാട്ടമില്ല. വനവിസ്തൃതി കുറഞ്ഞതും പാടങ്ങൾ തരിശിട്ടതുമൊക്കെ പ്രകൃതിയുടെ താളം തെറ്റിച്ചെന്ന് ഡോ. പ്രകാശം ചൂണ്ടിക്കാണിക്കുന്നു.

2007- ൽ 2,63,529 ഹെക്ടർ നെൽവയലുണ്ടായിരുന്ന കേരളത്തിൽ ഇപ്പോഴത്തെ കണക്ക് കഷ്ടിച്ച് രണ്ടേകാൽ ലക്ഷം ഹെക്ടർ.

റോഡും വാഹനങ്ങളും

നാട്ടുപാതകളെല്ലാം ടാറിട്ട് വൃത്തിയാക്കിയപ്പോൾ നഗരത്തിൽ മാത്രമല്ല, നാട്ടിൻപുറങ്ങളിലും ചൂട് കൂടി. പകൽ സമയത്ത് ചൂട് പിടിച്ചെടുക്കുന്ന ടാർ റോഡുകൾ രാത്രിയിൽ ഈ ചൂട് പുറത്തുവിടും. കണ്ണുമടച്ച് വണ്ടിയോടിക്കാൻ റോഡിന് വീതി പോരെന്നായപ്പോൾ നാലുവരിയും ആറുവരിയുമൊക്കെയായി.ഇതിനേക്കാളെല്ലാം പേടിപ്പിക്കുന്ന കണക്കാണ് സംസ്ഥാനത്ത് ഓരോ ദിവസവും വർദ്ധിച്ചുവരുന്ന മോട്ടോർ വാഹനങ്ങളുടേത്. പത്തുവർഷം മുമ്പ് കേരളത്തിലുണ്ടായിരുന്ന വാഹനങ്ങളുടെ എണ്ണം 21,11,885. ഇപ്പോൾ പുകയും ചൂടും പരത്തി പായുന്നത് 45 ലക്ഷത്തോളം വാഹനങ്ങൾ. ഇവ പുറത്തുവിടുന്ന പുകയിലെ കാർബൺ സംയുക്തങ്ങൾ അന്തരീക്ഷതാപം കൂട്ടുന്നു. മലിനീകരണം എക്സ്ട്രാ!

കെ.എൻ. ബാലഗോപാൽ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ തുടങ്ങി രാജ്യസഭവരെ

തിരുവനന്തപുരം: കേരളത്തിന്റെ താത്പര്യങ്ങൾ പരമാവധി ഉയർത്തിപ്പിടിക്കാനും കേരളത്തിലെ ജനങ്ങൾക്കായി കൂടുതൽ ഫലപ്രദമായി ഇടപെടാനും രാജ്യസഭാംഗത്വം വിനിയോഗിക്കുമെന്ന് സി.പി.എമ്മിന്റെ രാജ്യസഭാ സ്ഥാനാർത്ഥി കെ.എൻ. ബാലഗോപാൽ പറഞ്ഞു.

തന്നെ സ്ഥാനാർത്ഥിയാക്കാൻ പാർട്ടി തീരുമാനിച്ച വിവരം ടെലിവിഷനിലൂടെയാണ് ബാലഗോപാൽ ആദ്യം അറിയുന്നത്. നേതൃത്വത്തിൽനിന്ന് അറിയിപ്പു വന്നത് പിന്നീടാണ്. ആദ്യം മുഖ്യമന്ത്രിയെ പോയി കണ്ടു. പിന്നാലെ എ.കെ.ജി സെന്ററിലെത്തി പാർട്ടി സെക്രട്ടറിയെയും. രാജ്യസഭാ സ്ഥാനാർത്ഥിയായത് സന്തോഷമുള്ള കാര്യം തന്നെയെന്ന് ബാലഗോപാൽ പറഞ്ഞു. പത്തുവർഷത്തോളം ഡൽഹി കേന്ദ്രീകരിച്ച് സംഘടനാരംഗത്തു പ്രവർത്തിക്കാനായത് രാജ്യസഭയിലെ പ്രവർത്തനത്തിനും മുതൽക്കൂട്ടാവുമെന്നും അദ്ദേഹം പറഞ്ഞു.

കൊല്ലം ജില്ലയിലെ വിദ്യാർത്ഥി രാഷ്ട്രീയ പ്രവർത്തനത്തിലൂടെയാണ് ബാലഗോപാൽ രംഗത്തുവരുന്നത്. പുനലൂർ ശ്രീനാരായണ കോളേജിലും തിരുവനന്തപുരത്ത് എം.ജി കോളേജിലും എസ്.എഫ്.ഐയുടെ ബാനറിൽ യൂണിയൻ ചെയർമാനായി. കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗവുമായി. എസ്.എഫ്.ഐ കൊല്ലം ജില്ലാ പ്രസിഡന്റും സെക്രട്ടറിയുമായിരുന്ന ബാലഗോപാൽ പിന്നീട് എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റും സെക്രട്ടറിയും. 1997-ൽ അഖിലേന്ത്യാ പ്രസിഡന്റുമായി. എസ്.എഫ്.ഐ അഖിലേന്ത്യാ പ്രസിഡന്റായിരിക്കെ, 1998-ൽ പാലക്കാട് സംസ്ഥാന സമ്മേളനത്തിൽവച്ച് സി. പി. എമ്മിന്റെ സംസ്ഥാന കമ്മിറ്റിയിലെത്തി. 2000 വരെ എസ്.എഫ്.ഐ പ്രസിഡന്റായി തുടർന്നു. പിന്നീട് ഡി.വൈ.എഫ്.ഐ അഖിലേന്ത്യാ ജോയിന്റ് സെക്രട്ടറിയും. 2003-ൽ അഖിലേന്ത്യാ പ്രസിഡന്റുമായി. 2006-ൽ എൽ.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയ ശേഷം മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെടുന്നതുവരെ പ്രസിഡന്റ് സ്ഥാനത്തു തുടർന്നു. എം.കോം, എൽ.എൽ.ബി ബിരുദധാരിയാണ്. പത്തനാപുരം കലഞ്ഞൂരിൽ പരേതനായ നാരായണപ്പണിക്കരുടെയും രാധാമണിയമ്മയുടെയും മകനാണ്. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം കെ. എൻ. ഹരിലാൽ സഹോദരനാണ്. ഭാര്യ ആശാ പ്രഭാകരൻ തിരുവനന്തപുരം കോട്ടൺഹിൽ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപികയാണ്. കല്യാണി, ശ്രീഹരി എന്നിവർ മക്കൾ. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി സ്ഥാനം ഇന്നലെ വൈകിട്ട് ഒഴിഞ്ഞു.

നിത്യാനന്ദ സ്വകാര്യചാനലിന് അഭിമുഖം നൽകി

ബാംഗ്ളൂർ: ലൈംഗിക അപവാദ കേസിൽ ആരോപണ വിധേയനായി ഒളിവിൽ പോയ ബാംഗ്ളൂർ ധ്യാനപീഠം അധിപൻ സ്വാമി നിത്യാനന്ദ മുഖം രക്ഷിക്കാൻ മാദ്ധ്യമങ്ങളിലൂടെ വീണ്ടും ശ്രമം തുടങ്ങി. ഇന്നലെ ഒരു കന്നഡ ചാനലിൽ അഭിമുഖ രൂപത്തിൽ പ്രത്യക്ഷപ്പെട്ട സ്വാമി നിത്യാനന്ദ താൻ നിരപരാധിയാണെന്ന് ആവർത്തിച്ചു.

ചാനലുകളിൽ കാട്ടിയ സി. ഡി.ഫുട്ടേജിന്റെ സത്യസ്ഥിതി കണ്ടെത്താൻ ലണ്ടനിലെ വിദഗ്ധ കേന്ദ്രത്തിൽ അയച്ചിട്ടുണ്ടെന്നും സത്യസ്ഥിതി പുറത്തുകൊണ്ടുവരാൻ തെളിവുകൾ ശേഖരിച്ചുവരികയാണെന്നും പറഞ്ഞു.

ആരോപണം ഉണ്ടായതിനുശേഷം ആശ്രമത്തിൽ തന്നെ കഴിഞ്ഞാൽ തന്റെ ജീവന് തന്നെ ഭീഷണിയുണ്ടെന്ന് തോന്നിയതിനാലാണ് ഒളിവിൽ മറഞ്ഞത്. സത്യം പുറത്തുവന്നതിനുശേഷം ജനമദ്ധ്യത്തിൽ ഇറങ്ങും. ഇത് ആസൂത്രിതമായ ഗൂഢാലോചനയാണെന്നും അതിന്റെ ശക്തികൊണ്ട് തൽക്കാലം തനിക്ക് അൽപം ദോഷം ഉണ്ടാക്കാൻകഴിഞ്ഞുവെങ്കിലും അവരാരും വിജയിക്കാൻ പോകുന്നില്ലെന്നും സ്വാമി അവകാശപ്പെട്ടു. ആപത് ഘട്ടത്തിൽ കൂടെനിന്ന അനുയായികൾക്കും അഭ്യുദയകാംഷികൾക്കും സ്വാമി നന്ദിപറഞ്ഞു. എന്നാൽ സ്വാമിയോടൊപ്പം വീഡിയോ ലൈംഗിക ദൃശ്യത്തിൽ കാണപ്പെട്ടത് താൻതന്നെയാണ് തെന്നിന്ത്യൻ നടി വെളിപ്പെടുത്തിയിട്ടുണ്ടെന്നറിയുന്നു.

തോൽപ്പാവക്കൂത്ത് കലാകാരൻ അണ്ണാമല പുലവർ അന്തരിച്ചു

പാലക്കാട്: പ്രശസ്ത തോൽപ്പാവക്കൂത്ത് കലാകാരൻ അണ്ണാമല പുലവർ(97) നിര്യാതനായി. പാലപ്പുറം തെരുവിലുള്ള വസതിയിലായിരുന്നു അന്ത്യം. സംസ്കാരം ഇന്ന് രാവിലെ ഒമ്പതിന് തിരുവില്വാമല പാമ്പാടി ഐവർമഠത്തിൽ നടക്കും. പത്താം വയസ്സിലാണ് അണ്ണാമല പുലവർ തോൽപ്പാവക്കൂത്ത് പഠനം ആരംഭിച്ചത്. 14-ാം വയസ്സിൽ ചിനക്കത്തൂർ ക്ഷേത്രത്തിലെ കൂത്തുമാടത്തിൽ അരങ്ങേറ്റം നടത്തി. എൺപതു വർഷത്തോളം കലാരംഗത്ത് പ്രവർത്തിച്ച പുലവർക്ക് 2003ൽ ഫോക്‌ലോർ അക്കാഡമി, സംഗീത-നാടക അക്കാഡമി എന്നിവയും 2009ൽ നടൻ മോഹൻലാൽ ചെയർമാനായ ജെ.ടി പാർക്ക് എന്ന സംഘടനയും പുരസ്കാരങ്ങൾ നൽകി ആദരിച്ചു. നീതിശാസ്ത്രം, ഉപനിഷത്തുകൾ എന്നിവയിൽ അവഗാഹം നേടിയിട്ടുണ്ട്. ആറ് വർഷം മായന്നൂരിലെ ജ്യോതിർ രാമാനന്ദ ആശ്രമത്തിൽ അദ്ധ്യാപകനായിരുന്നു. പുത്തൂർ തിരുപുരായ്ക്കൽ, പാലപ്പുറം ചിനക്കത്തൂർ, മുണ്ടൂർപാലക്കീഴ്കാവ്, എഴക്കാട് കുന്നപ്പുള്ളി, തൂത ഭദ്രകാളി ക്ഷേത്രങ്ങളിൽ ആദരിക്കപ്പെട്ടു. ഭാര്യ: അങ്കമ്മാൾ. മക്കൾ: എ. ശിവപ്രകാശ്, സദാനന്ദൻ, മഹേശ്വരി, ഭക്തവത്സലൻ. മരുമക്കൾ: സാവിത്രി, പുഷ്പ, രേണുക, പരേതനായ ജയരാമൻ.

മാനഭംഗം: ഇന്ത്യൻ യുവാവിന് ബ്രിട്ടനിൽ 9 വർഷം തടവ്

ലണ്ടൻ : 18 കാരിയെ മാനഭംഗപ്പെടുത്തിയ ഇന്ത്യൻ യുവാവിന് ബ്രിട്ടനിൽ 9 വർഷം തടവുശിക്ഷ. 23 കാരനായ ജഗ്ദീപ് ചഹാലിനെയാണ് പെൺകുട്ടിയെ പിന്തുടർന്ന് ആക്രമിച്ചതിനും മാനഭംഗപ്പെടുത്തിയതിനും എസ്‌ലെവർത്ത് കോടതി ശിക്ഷിച്ചത്. കഴിഞ്ഞ ഏപ്രിൽ എട്ടിനാണ് കേസിനാസ്പദമായ സംഭവം നടന്നത്. രാത്രിയിൽ അക്സ്ബർഗ് റോഡിലെ ബസ് സ്റ്റോപ്പിൽ നിന്ന് പെൺകുട്ടിയെ ചഹാൽ പിന്തുടർന്നാണ് ആക്രമിച്ചത്. പെൺകുട്ടിയുടെ വായ പൊത്തിയശേഷം തൊട്ടടുത്തുള്ള ഇടുങ്ങിയ നടപ്പാതയിലേക്ക് വലിച്ചിഴയ്ക്കുകയും തുടർന്ന് മാനഭംഗപ്പെടുത്തുകയുമായിരുന്നു.

ഒളിനോട്ടത്തിന് കാമറകൾ നൂറ്!

കോഴിക്കോട്: കണ്ണുചിമ്മാതെ കാത്തിരിക്കുകയാണ് ഒളി കാമറകൾ; കാണുന്നതെന്തും മറയില്ലാതെ പകർത്താൻ! മൊബൈൽ കാമറകൾക്കു പിന്നാലെ, സൂക്ഷിച്ചുനോക്കിയാൽപ്പോലും കള്ളത്തരം തിരിച്ചറിയാനാവാത്ത വിചിത്രമായ ആകൃതികളിലും തരത്തിലും ഒളി കാമറകൾ വ്യാപകമായതോടെ യാത്രയും ഹോട്ടൽ താമസവും ടെൻഷനുള്ള ഏർപ്പാടാകുന്നു.

കോഴിക്കോട്ട് ഒരു ഹോട്ടലിൽ സ്ത്രീകളുടെ ടോയ്‌ലറ്റിൽ മൊബൈൽ കാമറ ഓൺചെയ്ത് നടത്തിയ രഹസ്യചിത്രീകരണം പുറത്തായത് കഴിഞ്ഞദിവസമാണ്. 'മൊബൈൽ ഷൂട്ടിംഗ്' കണ്ടെത്തിയത് ടോയ്‌ലറ്റിൽ കയറിയ ഒരു വിദ്യാർത്ഥിനി തന്നെ. ഹോട്ടൽ മുറികളിലും ബസ് സ്റ്റാൻഡുകളിലെയും റെയിൽവേ സ്റ്റേഷനുകളിലെയും ടോയ്‌ലറ്റുകളിലും ഒളികാമറകൾ ഉണ്ടാകാമെന്ന് പൊലീസ്തന്നെ സമ്മതിക്കുന്നു. പക്ഷേ, പരാതി കിട്ടാതെ 'ഛായാഗ്രാഹണ വിദഗ്ദ്ധരെ' പിടികൂടുന്നത് എങ്ങനെ! പരാതിയില്ലാത്തതുകൊണ്ടല്ല, ഒളികാമറയുടെ സാന്നിദ്ധ്യം തിരിച്ചറിയപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇങ്ങനെ ചിത്രീകരിച്ച ദൃശ്യങ്ങൾ മൊബൈലുകളിലൂടെയോ ഇന്റർനെറ്റിലൂടെയോ പ്രചരിക്കുമ്പോഴായിരിക്കും കഥ പുറത്താകുന്നത്.

സ്വിച്ച് ബോർഡിൽ ഘടിപ്പിക്കാവുന്നതു മുതൽ ഷർട്ടിലെ ബട്ടണിൽ ഉറപ്പിക്കാവുന്നതുവരെ ഒളി കാമറകൾ പലവിധം. ചുവരിന്റെ നിറത്തിനനുസരിച്ച് ബോഡി കളർ മാറ്റാവുന്ന ഒളി കാമറകളുമുണ്ട്. സൂക്ഷിച്ചുനോക്കിയാൽപ്പോലും പിടിതരില്ല. വിപണിയിലെ ഏറ്റവും പുതിയ ഒളി കാമറാ മോഡലാണ് സ്വിച്ച് ബോർഡിൽ ഘടിപ്പിക്കാവുന്നവ. കടകളിലും ഹോട്ടൽമുറികളിലുമൊക്കെ ഇവന്മാർ കണ്ണുംതുറന്നിരിപ്പുണ്ടാവും. കണ്ടെത്താൻ പ്രയാസം.

ഹോട്ടലുകളിലെ വെയിറ്റർമാരുടെ തൊപ്പി ശ്രദ്ധിച്ചിട്ടില്ലേ? ബാത്ത്റൂമിൽ ചെല്ലുമ്പോൾ അത്തരത്തിലൊന്ന് എവിടെയെങ്കിലും വച്ചിരിക്കുന്നതു കണ്ടാൽ ഒന്നു ശ്രദ്ധിക്കുക: 'തൊപ്പിക്കുപ്പായ'മിട്ട ഒളി കാമറയും വിപണിയിലുണ്ട്.

വിവിധതരം ഒളികാമറകൾ

വാക്സിൻ അഴിമതി: ഉദ്യോഗസ്ഥർക്കെതിരെ നടപടി വൈകുന്നു

കണ്ണൂർ: വാക്സിൻ അഴിമതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വിജിലൻസ് വിഭാഗം കുറ്റക്കാരെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി വൈകുന്നു.

രാജ്യത്തെ വാക്സിൻക്ഷാമം പരിഹരിക്കാനും ലോകാരോഗ്യസംഘടനയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് പുനരുദ്ധരിക്കാനുമെന്ന പേരിൽ പൊതുമേഖലയിലെ വാക്സിൻ കമ്പനികൾ അടച്ചുപൂട്ടിയതിനെ തുടർന്ന് കേന്ദ്ര സർക്കാരിന് കഴിഞ്ഞവർഷം നഷ്ടമായത് ഏതാണ്ട് 11 കോടി രൂപയാണ്.

സ്വകാര്യസ്ഥാപനങ്ങളിൽനിന്ന് വലിയവിലയ്ക്ക് വാക്സിൻ വാങ്ങിയത് വഴി സംഭവിച്ച നഷ്ടത്തിന് സെൻട്രൽ സീറം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ആറു ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കേന്ദ്ര വിജിലൻസ് വിഭാഗവും പാർലമെന്ററി കമ്മിറ്റിയും കണ്ടെത്തിയിരുന്നു.

സെൻട്രൽ സീറം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ വൈ.പി. കുള്ളാർ, ഡ്രഗ്സ് കൺട്രോളർ ഡോ. അശ്വനികുമാർ,സി. എസ്. കത്താരിയ, ജസ്പാൽ ഷോക്കി, ഡോ. ഉഷാ സോറൻ ഷാ, രാഗേഷ് സൈഗൾ എന്നിവരെയാണ് കുറ്റക്കാരാണെന്ന് 2009 നവംബർ 9നു കേന്ദ്ര വിജിലൻസ് വിഭാഗം കണ്ടെത്തിയത്. ഇതിൽ അശ്വിനി കുമാർ വിരമിച്ചെങ്കിലും മറ്റുള്ളവർ ഇപ്പോഴും പൊതുമേഖലാ കമ്പനിയിലെ പ്രധാന സ്ഥാനങ്ങളിൽ തുടരുകയാണ്.

പൊതുമേഖലയിലുള്ള കസൗലിയിലെ സെൻട്രൽ സീറം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , കൂനൂർ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട്, ചെന്നൈയിലെ ബി.സി. ജി വാക്സിൻ ലാബ് എന്നീ കമ്പനികളാണ് കാര്യക്ഷമതയില്ലെന്നു പറഞ്ഞ് അടച്ചുപൂട്ടിയത്.

തുടർന്ന് ഇവർ നൽകിയ അപ്പീലിനെ തുടർന്ന് സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു സുപ്രീം കോടതി ഉത്തരവിടുകയായിരുന്നു.

സെൻട്രൽ സീറം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണത്തിനായി നോയ്ഡ ആസ്ഥാനമായുള്ള ഒരു സ്വകാര്യ കമ്പനിക്ക് നൽകിയ 11.86 കോടിയും പാഴായതായി കണ്ടെത്തിയിരുന്നു. അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചുള്ള നവീകരണത്തിനു നേതൃത്വം നൽകാൻ ശേഷിയുള്ള വിദഗ്ദർ അവിടെയില്ലെന്ന് പിന്നീട് കമ്പനി വെളിപ്പെടുത്തുകയാണുണ്ടായത്. നേരത്തെ,കാലാവധി തീർന്നിട്ടും നവീകരണം പൂർത്തിയാകാത്തതിനാൽ 30 മാസത്തേക്ക് കൂടി കരാർ നീട്ടിക്കൊടുക്കുകയായിരുന്നു. ഇത്രയും തുക ചെലവാക്കി കഴിഞ്ഞതിനു ശേഷമാണ് വിദഗ്ധരില്ലെന്നു പറഞ്ഞ് കമ്പനി കേന്ദ്ര ആരോഗ്യവകുപ്പിനു കത്തയച്ചത്.

പൊതുമേഖലയിലെ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയതോടെ ഹൈദരബാദിലെ ബയോളജിക്കൽ ഇവാൻസ്, പൂനെയിലെ സിറം ഇൻസ്റ്റിറ്റ്യൂട്ട് എന്നീ വാക്സിൻ കമ്പനികളാണ് അമിത വിലയ്ക്ക് വാക്സിനുകൾ വിതരണം ചെയ്തിരുന്നത്.

മുൻ കേന്ദ്രമന്ത്രിയുടെ ബന്ധുക്കൾ ഉൾപ്പെട്ടവർ നടത്തുന്ന സ്വകാര്യ വാക്സിൻ കമ്പനികളെ പ്രോൽസാഹിപ്പിക്കാനാണ് പൊതുമേഖലയിലെ വാക്സിൻ കമ്പനികൾ അടച്ചുപൂട്ടിയതെന്നായിരുന്നു ആരോപണം.